**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ - കറുകച്ചാൽ ഗ്രാമ പഞ്ചായത്തിൽ - ടാക്സി സ്റ്റാൻറ് നിർമ്മാണത്തിന് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് - വക്കീൽ ഫീസ് തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1506/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **14/08/2020**

പരാമർശം:- കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച A4/1398/18 നമ്പർ അപേക്ഷ

2.പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച 18/03/2020 ലെ PAN 4441/2020-G1(DP) നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ - കറുകച്ചാൽ ഗ്രാമ പഞ്ചായത്തിൽ കറുകച്ചാൽ വില്ലേജ് സർവ്വെ നം.434/3-2ൽ പെട്ട ടാക്സി സ്റ്റാൻറ് നിർമ്മാണത്തിന് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിക്കുകയും സുപ്രീം കോടതി അഡ്വക്കേറ്റ് പി.വി. ദിനേശിനെ വക്കാലത്ത് ഏൽപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. 84,720/-രൂപ (എൺപത്തി നാലായിരത്തി എഴുന്നൂറ്റി ഇരുപത് രൂപ മാത്രം ) വക്കാലത്ത് ഫീസായി നൽകണമെന്നാവശ്യപ്പെട്ട് അഡ്വക്കേറ്റ് ബില്ല് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക അഡ്വക്കേറ്റിന് അനുവദിക്കുന്നതിനുള്ള സർക്കാർ അനുമതിയ്ക്കായി അപേക്ഷിക്കാൻ തീരുമാനമെടുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കറുകച്ചാൽ ഗ്രാമ പഞ്ചായത്തിൽ ടാക്സി സ്റ്റാൻഡ് നിർമ്മിക്കുന്നതിനായി കറുകച്ചാൽ ഗ്രാമ പഞ്ചായത്തിൽ കറുകച്ചാൽ വില്ലേജ് സർവ്വെ നം.434/3-2ൽ പെട്ട വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ SLP(c) 17520/19 ഫയൽ ചെയ്യുന്നതിന് വക്കാലത്ത് ഫീസായി 84,720/-രൂപ (എൺപത്തി നാലായിരത്തി എഴുന്നൂറ്റി ഇരുപത് രൂപ മാത്രം ) അഡ്വക്കേറ്റ് പി.വി. ദിനേശിന് കറുകച്ചാൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കറുകച്ചാൽ ഗ്രാമ പഞ്ചായത്ത്.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ